**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 342** **12.01.2021 – ൽ മറുപടിക്ക്.**

**മുൻഗണനാ പട്ടിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. കൃഷ്ണൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | കേരളത്തിൽ നിലവിൽ മുൻഗണനാ പട്ടികയിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; സംസ്ഥാന മുൻഗണനാ പട്ടികയിൽ എത്ര കുടുംബങ്ങൾ ഉണ്ട്; | **(എ)** | 2021 ജനുവരിയിലെ AePDS കീ രജിസ്റ്റർ പ്രകാരം 5,88,092 എ.എ.വൈ കുടുംബങ്ങളിൽ നിന്നായി 2232894 അംഗങ്ങളും 32,47,478 പി.എച്ച്.എച്ച് കുടുംബങ്ങളിൽ നിന്നായി 1,30,61,860 അംഗങ്ങളും ഉൾപ്പെടെ 1,52,94,754 അംഗങ്ങളാണ് സംസ്ഥാനത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. |
| **(ബി)** | മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നു വരുന്നുണ്ടോ; | **(ബി)** | പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തി വരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ |

| | |
|---|---|
| | വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കി വരുന്നു. |
| (സി) മുൻഗണനാ പട്ടികയിൽ ആളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കുമോ? | (സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ 10(a) പ്രകാരമുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അന്ത്യോദയ അന്നയോജന(എ.എ.വൈ) വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിലേക്കായി സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.<br>ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ 10(1) പ്രകാരം സംസ്ഥാനം നിശ്ചയിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു പ്രകാരം സംസ്ഥാനം പുറപ്പെടുവിച്ച 18.09.2017 ലെ സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**